**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2642** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഗ്രാഫീൻ പ്ലാന്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഗ്രാഫീൻ പ്ലാന്റ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | ഗ്രാഫീൻ സൗഹൃദ ആവാസവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഗ്രാഫീൻ നയം പുറപ്പെടുവിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയ്ക്ക് പദ്ധതിക്കായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ 55,088 ചതുരശ്ര അടി ബിൽറ്റപ്പ് ഏരിയ അനുവദിക്കുകയും 10 ഏക്കർ സ്ഥലം ഈ പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്ലാന്റ് നിർമ്മിക്കുന്നതിന്റെ ഭാഗമായി KINFRA യും ഡിജിറ്റൽ യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനുള്ള Special Purpose Vehicle രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിൽ എന്തെല്ലാം പ്രതിബന്ധങ്ങളാണ് നേരിടുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB ക്കു അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ തുടങ്ങാൻ കഴിയുന്നതാണ്. |
| (സി) | പ്ലാന്റ് നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; പദ്ധതിക്ക് ആവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഡിഫൻസ് പാർക്കിലെ കോമൺ ഫെസിലിറ്റി സെന്ററിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള | (ഡി) | ഉണ്ട്. കിൻഫ്രയും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ടെക്നോളജി യും തമ്മിൽ ഓഗസ്റ്റ് 2024-ന് ധാരണാപത്രം |

| | | | |
|---|---|---|---|
| | ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | | ഒപ്പുവയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിനായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിലെ കോമൺ ഫെസിലിറ്റി സെന്റർ കെട്ടിടത്തിൽ 55,088 ചതുരശ്ര അടി ബിൽറ്റപ്പ് ഏരിയ അനുവദിക്കുകയും 10 ഏക്കർ സ്ഥലം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഗ്രാഫീൻ പ്ലാന്റ് നിർമ്മാണത്തിനായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദാംശം ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടെ ലഭ്യമാക്കാമോ? | (ഇ) | ഇലക്ട്രോണിക്സ് വിവരസാങ്കേതിക വിദ്യ (ബി) വകുപ്പിന്റെ 27.10.2023-ലെ സ.ഉ(സാധാ) നമ്പർ.34/2023/ITD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പി.പി.പി. മാതൃകയിൽ ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി, (ജി.പി.പി.എഫ്) സ്ഥാപിക്കുന്നതിനായി 237 കോടി (ഇരുന്നൂറ്റി മുപ്പത്തി ഏഴ് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ